## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1022 | 14.6.2012 ൽ മറുപടിയ്ക്ക്

### പ്രകൃതി ദുരന്തങ്ങൾ വഴി മരിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും<br>കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇടി, മിന്നൽ എന്നീ പ്രകൃതി ദുരന്തങ്ങൾ വഴി മരിക്കുന്നവരുടെ ആശ്രിതർക്ക് സർക്കാരിൽ നിന്നും നൽകുന്ന നഷ്ടപരിഹാര തുക എത്രയാണെന്നറിയിക്കുമോ ; | (എ) | ഇടിമിന്നൽ മൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജി.ഒ. (ആർ.റ്റി)നമ്പർ: 2766/11/റവ. തീയതി, 1.7.2011 പ്രകാരം 1,00,000/- രൂപ ധനസഹായമായി അനുവദിക്കുന്നുണ്ട്. |
| (ബി) | ദുരിതാശ്വാസ നിധിയിൽ നിന്നും സമാശ്വാസ തുക അനുവദിച്ച ശേഷം ഗുണഭോക്താക്കൾക്ക് പ്രസ്തുത തുക കാലതാമസം കൂടാതെ ലഭ്യമാക്കാൻ സമയപരിധി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർക്കാർ അനുവദിക്കുന്ന തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇടി, മിന്നൽ എന്നീ ദുരന്തങ്ങളിൽ മരിക്കുന്നവരുടെ ആശ്രിതരിൽ ഒരാൾക്ക് സർക്കാർ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

Va-jal
സെക്ഷൻ ഓഫീസർ.